# കൊല്ലത്തെ വയോജന കേന്ദ്രീകൃത പരിപാടികൾ

കുടുംബശ്രീയുടെ 20ാം വാർഷികം ആഘോഷിക്കുന്ന 2018-2019 വർഷം അയൽക്കൂട്ട വർഷമായി ആചരിക്കുന്നു. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഏറ്റവും അടിസ്ഥാന തലമാണ് അയൽക്കൂട്ടങ്ങൾ. 18 വയസ്സ് പൂർത്തിയായ സ്ത്രീകളുടെ സംഘമായ അയൽക്കൂട്ടങ്ങളിൽ നിന്ന് പ്രത്യേക അയൽക്കൂട്ടങ്ങളെന്ന ആശയം ശക്തിപ്പെ ടുത്തി വരികയാണ് കുടുംബശ്രീ. ഇതിന്റെ ഭാഗമായി വയോജന, ട്രാൻസ്ജെൻഡർ, ശാരീരിക- മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ളത് എങ്ങനെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ രൂപീകരണം കേരളമെമ്പാടും ശക്തിപ്പെട്ടുവരുന്നു.

**വയോജന അയൽക്കൂട്ടങ്ങൾ**

സംസ്ഥാന വയോജന നയ പ്രകാരം 60 വയസ്സ് പിന്നിട്ടവരെയാണ് വയോജനങ്ങളെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. 2011 സെൻസസ് പ്രകാരം സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 13 ശതമാനവും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്. 2025 ആകുമ്പോഴേക്കും ഇത് 20 ശതമാനത്തോളമാകുമെന്നാണ് അനുമാനം. ഈ വയോജനങ്ങളിൽ കൂടുതൽ സ്ത്രീകളുമാണ്. ആരോഗ്യമേഖലയിൽ  കേരളം കൈവരിച്ച നേട്ടങ്ങൾ നമ്മുടെ ആയുർദൈർഘ്യം വികസിത രാജ്യങ്ങളുടേതിന് തുല്യമാക്കുന്നതിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളത്തിൽ വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു. കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള മാറ്റം ഏറ്റവും കൂടുതൽ ബാധിക്കുന്നതും വയോജനങ്ങളെയാണ്. അതിനാൽ തന്നെ വയോജനങ്ങളുടെ അവകാശങ്ങളും സുരക്ഷിതത്വവും അഭിമാനവും കാത്ത് സൂക്ഷിക്കുകയെന്നത് ഈ സമൂഹത്തിലെയും ഓരോരുത്തരുടെയും കടമയായി മാറിയിരിക്കുന്നു.

കേരളത്തെ വയോജന സൗഹൃദ സമൂഹമാക്കി മാറ്റുക ലക്ഷ്യമിട്ട് നിരവധി വികസന, ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ഇതിനൊപ്പമാണ് സാമൂഹ്യവും

സാമ്പത്തികവുമായി വയോജനങ്ങളെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ കുടുംബ ശ്രീയും വയോജനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു. എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിലും കൊല്ലം ജില്ലയിലെ ചവറ ബ്ലോക്കുകളിലുമാണ് വയോജന ങ്ങൾക്കായുള്ള പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ തുടക്കമിടുന്നത്.

## കൊല്ലം ജില്ലയിലെ വയോജനങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾ

### ആശയരൂപീകരണം

വയോജനങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് വയോജന പ്രത്യേക പരിപാടികൾ എന്ന ആശയം കുടുംബശ്രീ രൂപപ്പെടുത്തിയത്. 2015 മുതലാണ് ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. 2004ലെ സുനാമി സമയ ത്ത് തീരപ്രദേശത്ത് പ്രത്യേകിച്ചും കൊല്ലം ഭാഗത്ത് വയോജനങ്ങൾക്കിടയിൽ പ്രവർ ത്തനം ആരംഭിച്ച ഹെൽപ്പേജ് ഇന്ത്യ എന്ന ഒരു എൻജിഒ വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതി തയാറാക്കി കേന്ദ്ര ഗവൺമെന്റിന് നൽകുകയായിരുന്നു. ദേശീയ ഗ്രാമീണ ഉപജീന ദൗത്യത്തിന് കീഴിലുള്ള (എൻആർഎൽഎം) ദേശീയ ഗ്രാമീണ ഉപജീവന പദ്ധതിയുടെ (എൻആർഎൽപി) ഭാഗമായി ഈ പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. കേരളത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല കുടുംബ ശ്രീയെ സംസ്ഥാന സർക്കാർ ഏൽപ്പിച്ചു. നിരവധി ചർച്ചകൾക്കും തിരുത്തലുകൾക്കും ശേഷം 60 വയസ്സ് പിന്നിട്ട പുരുഷന്മാരെ കൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ തീരുമാനിക്കുകയുമായിരുന്നു.

### തുടക്കം

ഹെൽപ്പേജ് ഇന്ത്യ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നുവന്നിരുന്ന കൊല്ലം ജില്ലയിലെ ചവറ ബ്ലോക്കും തദ്ദേശ തല തീരുമാന പ്രകാരം വയോജനങ്ങൾക്കായി നിരവധി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയ എറണാകുളം ജില്ലയിലെ മുളന്തുരു ത്തി ബ്ലോക്കും ഈ പദ്ധതി നടപ്പാക്കാൻ കുടുംബശ്രീ തെരഞ്ഞെടുക്കുകയായിരുന്നു. ഇരു ബ്ലോക്കുകളിലുമായി അഞ്ച് പഞ്ചായത്തുകളിലാണ് പദ്ധതി പൈലറ്റ് അടിസ്ഥാന ത്തിൽ നടത്താൻ തീരുമാനിച്ചത്.

**2015 മേയിൽ** സംസ്ഥാന മിഷന്റെ ആഭിമുഖ്യത്തിൽ ഇതേക്കുറിച്ച് ആദ്യവട്ട ചർച്ച സംഘടിപ്പിച്ചു. രണ്ട് ദിവസങ്ങളിലായി നടന്ന ചർച്ചയിൽ എല്ലാ പഞ്ചായത്തുക ളിലെയും സെക്രട്ടറിമാർ, സിഡിഎസ് ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സ

ൺമാർ, മെമ്പർ സെക്രട്ടറിമാർ തുടങ്ങിയവരെല്ലാം പങ്കെടുത്തു. ഹെൽപ്പേജ് ഇന്ത്യയുമായി സഹകരിച്ച് കൊല്ലം ജില്ലയിൽ വയോജന പരിപാടികളുടെ ഭാഗമായി പ്രവർത്തിച്ചിരുന്നവരും മുളന്തുരുത്തിയിൽ നിന്നുള്ള പ്രവർത്തകരും യോഗത്തിൽ പങ്കെടുത്തു. അതിന് ശേഷം വയോജന പരിപാടികൾക്കും അയൽക്കൂട്ടങ്ങളുടെ രൂപീ കരണത്തിനുമെല്ലാം ഉതകുന്ന പദ്ധതി ഏവരുടെയും അഭിപ്രായം ആരാഞ്ഞ് തയാറാക്കി.

10 മുതൽ 20 വരെ അംഗങ്ങൾ ഓരോ അയൽക്കൂട്ടത്തിലുമുണ്ടായിരിക്കണം, 60 വയസ്സ് കഴിഞ്ഞ പുരുഷന്മാർക്കും അംഗങ്ങളാകാം, സമ്പാദ്യം, ആന്തരിക വായ്പ എന്നിവ നിർബന്ധമില്ല. എന്നാൽ അയൽക്കൂട്ടങ്ങൾക്ക് ആവശ്യമെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. കുടുംബശ്രീ മിഷൻ ഫണ്ടും നൽകും.

പദ്ധതി രൂപപ്പെടുത്തിയ ശേഷം വയോജന സർവ്വേയ്ക്കും മറ്റുമായി 2015 ഓഗസ്റ്റിൽ കൊല്ലം ജില്ലയിൽ ദിവസ വേതന അടിസ്ഥാനത്തിൽ മൂന്ന് ആനിമേറ്റർമാരെ നിയമിച്ചു. ചവറ ബ്ലോക്കിലെ ചവറ, നീണ്ടകര, തെക്കുംഭാഗം എന്നീ പഞ്ചായത്തുകളുടെ ചുമതല ഇവർ ഓരോരുത്തർക്കും നൽകി. ഹെൽപ്പേജ് ഇന്ത്യയിൽ പത്ത് വർഷത്തോളം പ്രവർത്തന പരിചയമുള്ള ലെനോ റാമ, ജോയ് ഡാനിയേൽ, വിമല സുപ്രിയാൻ എന്നിവരെയാണ് ആനിമേറ്റർമാരായി നിയമിച്ചത്.ഒപ്പം 60ന് മുകളിൽ പ്രായമുള്ള സ്ത്രീകളെയും പുരുഷന്മാരെയും കണ്ടെത്തുന്നതിനായി സിഡി എസ് നടത്തിയ സർവ്വേഫലം ഏകീകരിക്കുന്ന ജോലിയും ഇതിനൊപ്പം ആനിമേറ്റേഴ്സ് ചെയ്തുപോന്നു. പിന്നീട് 2015 നവംബർ ഒമ്പതിന് കരാർ വ്യവസ്ഥയിൽ ഇഎൻഎച്ച്ജി ഫീൽഡ് ആനിമേറ്റേഴ്സായി ഇവരെ നിയമിച്ചു. തുടക്കത്തിൽ മാസം 7500 രൂപയും 500 രൂപ ടിഎയുമായിരുന്നു പ്രതിഫലം. ഇപ്പോൾ 11000 രൂപ ശമ്പളവും 1000 രൂപ ടിഎയും ലഭിക്കുന്നു.

<u>പ്രവർത്തനം</u>

ബ്ലോക്കിൽ 75 വയസ്സ് കഴിഞ്ഞ വിധവകളെ കണ്ടെത്തുന്നതിനുള്ള സർവ്വേയായിരുന്നു ആദ്യം ചെയ്തത്

വാർഡ് തലത്തിൽ നടത്തിയ സർവ്വേ അനുസരിച്ച് വയോജനങ്ങളുടെ ലിസ്റ്റ് തയാറാക്കിയിരുന്നു

ഈ ലിസ്റ്റിൽ ജോലിയുള്ളവർ, ഇല്ലാത്തവർ, അസുഖ ബാധിതർ, കിടപ്പുരോഗികൾ എന്നിവരെ വേർതിരിച്ച് പ്രത്യേകം ലിസ്റ്റ് തയാറാക്കി

ഇതോടെ ഓരോ വാർഡിലും എത്ര എഎൻഎച്ച്ജികൾ രൂപീകരിക്കാൻ കഴിയുമെന്ന് ഏകദേശ രൂപം കിട്ടി

കൊല്ലം ജില്ലാ മിഷനിൽ നിന്ന് അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ എത്തി പഞ്ചായത്ത് മീറ്റിങ്ങുകളിൽ വയോജന അയൽക്കൂട്ടങ്ങളെക്കുറിച്ചും ഈ പദ്ധതിയെ ക്കുറിച്ചുമുള്ള ക്ലാസ്സുകൾ നൽകി.

പിന്നീട് ഓരോ പഞ്ചായത്തിന് കീഴിലുമുള്ള വാർഡുകളിൽ സിഡിഎസ്, എഡിഎസ് സഹകരണത്തോടെ വയോജനങ്ങൾക്ക് ആനിമേറ്റർമാർ ഈ പദ്ധതിയെക്കുറിച്ച് ക്ലാസ്സുകൾ നൽകി.

ഈ പ്രവർത്തനങ്ങൾക്കെല്ലാം ശേഷം **2015 സെപ്റ്റംബർ 17ന്** ചവറ പഞ്ചായത്തിലെ അഞ്ചാം വാർഡായ മടപ്പള്ളിയിൽ ആദ്യത്തെ വയോജന അയൽക്കൂട്ടം രൂപീകരിച്ചു. സിഎഡിഎസിൽ നിന്ന് അഫിലിയേഷൻ നേടിയ ശേഷം ഭാരവാഹികളെ തെരഞ്ഞെ ടുത്തു. അവർക്ക് പരിശീലനവും നൽകി. പുരുഷന്മാരെ ഭാരവാഹികളാക്കാൻ പറ്റില്ല. ചില അയൽക്കൂട്ടങ്ങളിൽ പുരുഷന്മാരിലൊരാളെ രക്ഷാധികാരിയായി തെരഞ്ഞെടുക്കു ന്നു. അയൽക്കൂട്ടത്തിന് ബാങ്ക് അക്കൗണ്ടും ആരംഭിച്ചു. **ആദി** എന്ന പേരിട്ട അയൽക്കൂ ട്ടത്തിൽ തുടക്കത്തിൽ **20** അംഗങ്ങളാണുണ്ടായിരുന്നത്.

റിവോൾവിങ് ഫണ്ടായി 15000 രൂപയാണ് നൽകുന്നത്

പിന്നീട് മൂന്ന് പഞ്ചായത്തുകളിലുമായി നാല് മാസത്തിനുള്ളിൽ തന്നെ നൂറോളം വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

അതിന് ശേഷം **2016 ജനുവരി 21**ന് ജില്ലാ തല ഉദ്ഘാടനവും വയോജന സംഗമവും സംഘടിപ്പിച്ചു. രണ്ടായിരത്തോളം വയോജനങ്ങൾ ചടങ്ങിനോട് അനുബന്ധിച്ചുള്ള സാംസ്ക്കാരിക പരിപാടികളിലും പങ്കെടുത്തു.

അയൽക്കൂട്ട രൂപീകരണം നടന്നുവരുന്നു

എല്ലാ ആഴ്ചയും അയൽക്കൂട്ടം കൂടുന്നു

നിരന്തരം അയൽക്കൂട്ടങ്ങൾ കൂടി പ്രശ്നങ്ങളും ആവശ്യങ്ങളും ചർച്ച ചെയ്യുന്നു

വയോജന സംഗമങ്ങൾ നടത്തുന്നു

ജനമൈത്രി പോലീസ് സഹായത്തോടെ വയോജനങ്ങൾക്കായി സുരക്ഷാ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുന്നു

മൂന്ന് പഞ്ചായത്തുകളിലും ഗവൺമെന്റ് ആശുപത്രികളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

ബാലസഭാ കുട്ടികളെയും വയോജന അയൽക്കൂട്ടാംഗങ്ങളെയും ചേർത്തൊരു പരിപാടി ക്രാഫ്റ്റ് ട്രെയ്നിങ് ഇങ്ങനെ വൈവിധ്യമാർന്ന പരിപാടികൾ നടത്തിവരുന്നു

**സൂക്ഷ്മ സംരംഭങ്ങളും കൃഷിയും**

ചവറ കൊറ്റംകുളങ്ങരയിലെ മുദ്ര വയോജന അയൽക്കൂട്ടം സോപ്പ് പൊടി നിർമ്മാണ യൂണിറ്റ് രജിസ്ട്രർ ചെയ്ത് ആരംഭിച്ചു കഴിഞ്ഞു.

തെക്കുംഭാഗത്ത് ദളവാപുരം വാർഡിലെ സംഗീത അയൽക്കൂട്ടം  കക്ക പ്രോസസിങ് യൂണിറ്റ് ആരംഭിച്ചു കഴിഞ്ഞു. രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നീണ്ടകരയിൽ വേട്ടുതറ വാർഡിൽ ഉദയം ഗ്രൂപ്പ് ഫിഷ് വെൻഡിങ് യൂണിറ്റും തുടങ്ങിക്കഴിഞ്ഞു.

ഇത് കൂടാതെ അയൽക്കൂട്ടാംഗങ്ങളിൽ ചിലർ ചേർന്ന് കൃഷിയും മറ്റും നടത്തുന്നു.

ചവറ ബ്ലോക്കിൽ 27 വയോജന ജെഎൽജികൾ ഈ മൂന്ന് പഞ്ചായത്തുകളിലായി രൂപീകരിച്ചിട്ടുണ്ട്. മികച്ച നിലയിൽ കൃഷി ചെയ്ത് പോകുന്നവരുമുണ്ട്

ഒരാൾക്ക് രണ്ട് പശു എന്ന നിലയിൽ പത്ത് പശുക്കളുള്ള ഗോമാതാ എന്ന സിഐജി ഗ്രൂപ്പും നീണ്ടകര വേട്ടുതറ വാർഡിൽ അയൽക്കൂട്ടാംഗങ്ങളുടേതായി പ്രവർത്തിക്കുന്നു.

**സാമൂഹിക ഇടപെടലുകൾ**

വയോജനങ്ങൾക്ക് എന്തെങ്കിലും പ്രശ്നങ്ങൾ നേരിട്ടാൽ ഈ ആനിമേറ്റർമാർ നേരിട്ട് ഇടപെട്ട് അതിന് പരിഹാരം കണ്ടെത്തും

വയോജന പെൻഷൻ കിട്ടാത്തവർക്ക് അതിനുള്ള സഹായങ്ങൾ നൽകുന്നു

ആശുപത്രികളിലും മറ്റും വയോജനങ്ങൾക്ക് മുൻഗണന നൽകുന്നതിനുള്ള പ്രവർത്തന ങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വയോജനങ്ങളുടെ ആവശ്യങ്ങളും അവകാ ശങ്ങളും നേടിയെടുക്കുന്നതിനുള്ള സഹായം

സിഡിഎസ് മീറ്റിങ്ങുകളിൽ വയോജന അംഗങ്ങളെ പങ്കെടുപ്പിക്കാനുള്ള അനുവാദം വാങ്ങിയെടുത്ത് അവർ മീറ്റിങ്ങുകളിൽ പങ്കെടുക്കുന്നു

ചവറ ബ്ലോക്കിലെ തേവലക്കര, പൻമന പഞ്ചായത്തുകളിൽ പദ്ധതിയുടെ ഭാഗമായുള്ള രൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നു

**നിലവിലെ അവസ്ഥ**

351 ഇഎൻഎച്ചിജികളാണ് ചവറ ബ്ലോക്കിൽ മൂന്ന് പഞ്ചായത്തുകളിലായുള്ളത്.
ഇതിലാകെ 6050 വയോജന അംഗങ്ങളും
നീണ്ടകര പഞ്ചായത്തിൽ 13 വാർഡുകളിലായി 96 ഇഎൻഎച്ച്ജികൾ
ചവറ പഞ്ചായത്തിൽ 23 വാർഡുകളിലായി 151 ഇഎൻഎച്ചിജികൾ
തെക്കുംഭാഗത്ത് 13 വാർഡുകളിലായി 104 ഇഎൻഎച്ച്ജികൾ
കേരളത്തിലാകെ 2628 വയോജന അയൽക്കൂട്ടങ്ങളാണുള്ളത്.

**ഭാവി**

കൊല്ലം കേന്ദ്രീകരിച്ച് ഒരു കടലാസ് നക്ഷത്ര നിർമ്മാണ യൂണിറ്റുണ്ട്, അവിടെ ഈ വയോജന അയൽക്കൂട്ടാംഗങ്ങളെ വിട്ട് പരിശീലിപ്പിക്കാനും യൂണിറ്റുകൾ ആരംഭിക്കാനും ശ്രമിക്കുന്നു
മെഡിസിൻ കവർ നിർമ്മാണം ആരംഭിക്കാൻ തീരുമാനിക്കുന്നു

സമ്പൂർണ്ണ അയൽക്കൂട്ട രൂപീകരണം ലക്ഷ്യമിട്ട് സംസ്ഥാനങ്ങളിലെ മറ്റ് ജില്ലകൾക്കൊപ്പം കൊല്ലം ജില്ലയിലെ എല്ലാ ബ്ലോക്കിലും സിഡിഎസുകളുടെ ആഭിമുഖ്യത്തിൽ വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു വരുന്നു. ഇങ്ങനെ രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 5250 രൂപയാണ് ലഭിക്കുന്ന ഫണ്ട്.